# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6384 21.11.2019 ൽ മറുപടിക്ക്**

## കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രവർത്തനം തൃപ്തികരമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; | എ) | കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്താറുണ്ട്. 2016 വരെ ദീർഘകാലമായി പ്രവർത്തനം വളരെ മോശമായിരുന്നു. ഇപ്പോൾ മെച്ചപ്പെട്ടു വരുന്നു. ലാഭത്തിൽ ആയിട്ടുണ്ട്. നിരവധി കുഴപ്പങ്ങൾ കണ്ടെത്തി തിരുത്തി വരുന്നു. |
| ബി) | പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണതോതിൽ സാക്ഷാത്കരിക്കുന്നതിന് നിലവിൽ സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിലവിൽ നേരിട്ടോ അല്ലാതെയോ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല. സർക്കാർ ചുമതലപ്പെടുത്തുന്ന മുറയ്ക്ക് വിവിധ പ്രവൃത്തികളുടെ കൺസൾട്ടൻസിയും മേൽനോട്ടവും നിർവ്വഹിച്ചു വരുന്ന SPV ആയി നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. |
| സി) | സർക്കാർ വകുപ്പുകളിൽനിന്നും ടെൻഡർ മുഖാന്തിരം കോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രവർത്തികൾക്ക് പുറം കരാർ നൽകാറുണ്ടോ; | സി) | സർക്കാർ വകുപ്പുകളിൽനിന്നും ടെൻഡർ മുഖാന്തിരം ഇപ്പോൾ പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല. SPV ആയിട്ടാണ് പ്രവർത്തിക്കുന്നത്. |
| ഡി) | ഇപ്രകാരം പുറം കരാർ നൽകുമ്പോൾ പുറം കരാറുകാരൻ നടത്തുന്ന വർക്കുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കെ.എസ്.സി.സി.-ക്ക് സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർതലത്തിൽ എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ;വിശദമാക്കുമോ | ഡി) | ബാധകമല്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ